സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് പാങ്ങപ്പാറയിലെ മാനസിക വൈകല്യം ബാധിച്ച കുട്ടികൾക്കായുള്ള സ്ഥാപനം എന്നിവ വികലാംഗരുടെ ക്ഷേമം മുൻനിർത്തി സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

(ഡി) മാനസിക വൈകല്യം ബാധിച്ച കുട്ടികളുടെ വിദ്യാഭ്യാസവും സംരക്ഷണവും ലക്ഷ്യമാക്കി സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ താഴെപ്പറയുന്ന 3 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ഹാൻഡി ക്യാപ്ഡ്, പാങ്ങപ്പാറ.

2) ഹോം ഫോർ ദി മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ, കോഴിക്കോട്.

3) കസ്റ്റോഡിയൻ കെയർ ഹോം ഫോർ ഡിസേബിൾഡ് ചിൽഡ്രൺ, മഞ്ചേരി

ഇവയിൽ പാങ്ങപ്പാറയിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ഹാൻഡി ക്യാപ്ഡ് ഒരു ദേശീയ സ്ഥാപനമായി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ മാതാപിതാക്കൾക്ക് ബോധവൽക്കരണം, കൗൺസിലിംഗ്, ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്ക് തൊഴിൽ പരിശീലനം, യോഗ/ഹോർട്ടികൾച്ചറൽ തെറാപ്പി മുതലായ പരിശീലന/ചികിത്സാ രീതികൾ ഇവിടെ നടപ്പാക്കിവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നിയമ ഭേദഗതി

18(*488)ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ഏതെല്ലാം നിയമങ്ങളാണ് ഭേദഗതി ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നത് ;

(ബി) ഇതിലേക്കായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(സി) ഓംബുഡ്സ്മാന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഇതിലേക്കായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് അറിയിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി).

(എ) അധികാരവികേന്ദ്രീകരണം ഫലപ്രദമാക്കുവാൻ ഇനി 45 നിയമങ്ങളിൽ ഭേദഗതി വേണ്ടിവരുമെന്നാണ് അധികാര വികേന്ദ്രീകരണ കമ്മിറ്റി കണ്ടെത്തിയിട്ടുള്ളത്. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) നിയമഭേദഗതികൾ സംബന്ധിച്ച അധികാരവികേന്ദ്രീകരണ കമ്മിറ്റിയുടെ റിപ്പോർട്ട് താമസിയാതെ സർക്കാരിന് സമർപ്പിക്കുന്നതാണ്. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓംബുഡ്സ്മാന്റെ നടപടിക്രമം സംബന്ധിച്ച ചട്ടങ്ങൾ പുറപ്പെടുവിക്കുകയും ഓംബുഡ്സ്മാനിലെ അംഗങ്ങളെ നിയമിക്കുകയും അതിന് പ്രവർത്തിക്കാനാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യേണ്ടതുണ്ട്. ഇതെല്ലാം താമസിയാതെ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) ചട്ടങ്ങളുടെ കരട് അധികാരവികേന്ദ്രീകരണ കമ്മിറ്റിയിൽനിന്ന് ലഭിക്കുകയും ആയത് സർക്കാർ പരിശോധിച്ചുവരികയുമാണ്.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ചെറുകിട വ്യവസായങ്ങൾക്കുള്ള സബ്സിഡി

1 (2798) ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. ഇ.എം. അഗസ്തി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങളുടെ പ്രോത്സാഹനാർത്ഥം പുതുതായി ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് സബ്സിഡി നൽകുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ തോത് എത്രയെന്ന് അറിയിക്കുമോ;

(സി) ഈ സബ്സിഡി ലഭിക്കുന്നതിനുള്ള നടപടിക്രമം എന്തെന്ന് വിശദീകരിക്കുമോ;

(ഡി) സബ്സിഡി നിശ്ചിത സമയത്തിനുള്ളിൽ കൊടുത്തിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ഇ) എങ്കിൽ അപേക്ഷ തീയതി മുതൽ എത്ര കാലത്തിനുള്ളിൽ എന്ന് അറിയിക്കുമോ;

(എഫ്) ഇപ്പോൾ സബ്സിഡിയുള്ള എത്ര അപേക്ഷകൾ കുടിശ്ശികയായിട്ടുണ്ട്; ഈ അപേക്ഷകൾ ലഭിച്ച തീയതികൾ വെളിപ്പെടുത്തുമോ;

(ജി) സബ്സിഡി അനുവദിച്ച കേസ്സുകളിൽ ഓഫ് കൊടുക്കാനുണ്ടോ;

(എച്ച്) എങ്കിൽ എത്ര പേർക്ക് സബ്സിഡി കൊടുക്കാനുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) 23.9.1991 ന് ശേഷം സംസ്ഥാനത്തു ഉല്പാദനം ആരംഭിച്ച പ്പോൾ വ്യവസായസ്ഥാപനങ്ങൾക്കും സ്ഥിരമൂലധനം നിക്ഷേപത്തിന്റെ തോത് കണക്കാക്കി അതിന്റെ 15% മോ, പരമാവധി 15 ലക്ഷം രൂപയോ ഏതാണ് കുറവ് അത്രയും തുക സബ്സിഡിയായി നൽകി വരുന്നു. എന്നാൽ ക്രസ്റ്റ് വ്യവസായമായി പ്രഖ്യാപിച്ചിട്ടുള്ള വ്യവസായങ്ങൾക്ക് ഇത് മൂലധന നിക്ഷേപത്തിന്റെ 15% അല്ലെങ്കിൽ പരമാവധി 20 ലക്ഷം രൂപ ഏതാണ് കുറവ് അത്രയും തുക സബ്സിഡി ഇനത്തിൽ നൽകി വരുന്നു. ഇതിനു പുറമേ

LIBRARY ARCHIVES Kerala Legislative Assembly